**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3083** **14-02-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കടൽഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മുസോഡി കടപ്പുറം, ശാരദാനഗർ, പെരിങ്ങടി, കോയിപ്പാടി, പെർവാഡ്, നാങ്കികൊപ്പളം കാവുഗോളി, ചെരങ്കൈ കസബ, കീഴൂർ, ജമ്മ കണ്ണി, കൊവ്വൽ കൊപ്പൽ കാപ്പിൽ, തൃക്കണ്ണാട്, അജന്നൂർ, തൈക്കടപ്പുറം, വലിയപറമ്പ, ഉദുമ, ചേരകേ കടപ്പുറം, ഉപ്പള തുടങ്ങിയ പ്രദേശങ്ങളാണ് രൂക്ഷമായി കടലാക്രമണം അനുഭവപ്പെടുന്നത്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 1. | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ഹൊസബെട്ടു കടപ്പുറത്ത് 220 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം | 200 | ഭരണാനുമതി ലഭ്യമാക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിൽ നിന്ന് ലഭ്യമായ പ്രോജക്റ്റ് റിപ്പോർട്ട് തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| 2. | ASE - കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ നാങ്കി കൊപ്പളം കടപ്പുറത്ത് 270 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം | 200 | സർവ്വകക്ഷിയോഗ തീരുമാന പ്രകാരം പ്രവൃത്തി നിർത്തി വച്ചു. |
| 3. | ഹൊസ്ദുർഗ് താലൂക്കിൽ ഉദുമ ഗ്രാമ പഞ്ചായത്തിൽ കന്നി-കൊവ്വൽ കടപ്പുറത്ത് സിപിസ്റ്റോൺ നം. 2687 ന് സമീപം 220 മീറ്റർ നീളത്തിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം | 500 | ഭരണാനുമതി ലഭ്യമാക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിൽ നിന്ന് ലഭ്യമായ കത്ത് സർക്കാർ പരിശോധിച്ചതിൻ പ്രകാരം EAP Project നെ സംബന്ധിച്ച എല്ലാ ഔപചാരികതകളും പാലിച്ച പ്ലാൻ റൈറ്റ് അപ്പ് പ്രകാരം DPR തയ്യാറാക്കി proposal സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്. |
| 4. | കാസർഗോഡ് താലൂക്കിൽ ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ സിപിസ്റ്റോൺ നം. 2704 നും 2706 നും ഇടയിൽ 165 മീറ്റർ നീളത്തിൽ ടെട്രപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം | 361 | |

**സെക്ഷൻ ഓഫീസർ**